പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 2992

21/06/2013 ൽ
മറുപടിക്ക്

# ചുമർ ചിത്രനഗരി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ആർ സെൽവരാജ് | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ചുമർ ചിത്ര നഗരി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;<br>(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;<br>(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ ;<br>(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (എ), (ബി), (സി), & (ഡി) | ഇക്കഴിഞ്ഞ മെയ് 13 മുതൽ 25 വരെ കോട്ടയം നഗരിയിൽ അന്തർദ്ദേശീയ ചുമർ ചിത്രകലാ ക്യാമ്പ് നടത്തിക്കൊണ്ട് കോട്ടയം ഒരു ചുമർചിത്രനഗരിയാക്കി മാറ്റുകയുണ്ടായി. ചുമർ ചിത്രങ്ങൾ കൂടുതൽ രചിക്കുന്നതിലൂടെ പബ്ലിക് ആർട്ടിന് കൂടുതൽ പ്രാമുഖ്യം ഉണ്ടാവുകയും അതുവഴി കല കൂടുതൽ ജനങ്ങളിലേക്ക് എത്താനിടയാവുകയും ചെയ്യുന്നു. സാമ്പ്രദായിക പാരമ്പര്യരീതിയിലുള്ള ചുമർചിത്രങ്ങളും ആധുനിക രീതികളും പരീക്ഷിക്കപ്പെടുന്നതുകൊണ്ട് ഇതിന്റെ വ്യാപ്തി വളരെ വലുതാണ്. ഇന്ത്യയുടെ വിനോദ സഞ്ചാര ഭൂപടത്തിൽ സ്ഥാനം പിടിക്കത്തക്കവണ്ണം ഇതിനോടകം കോട്ടയം മാറിക്കഴിഞ്ഞു. ഇതിനായി പുറമേനിന്ന് ഒരു ഏജൻസിയേയും നിയോഗിച്ചിട്ടില്ല. കേരള ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ<br><br>കോട്ടയത്തെ സർക്കാർ-സർക്കാരിതര പൊതു സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിയത്. തിരുനക്കര ക്ഷേത്രകവാടങ്ങൾ, ഗണപതി കോവിൽ, ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, കളക്ട്രേറ്റ്, ജില്ലാ പഞ്ചായത്ത് ഓഫീസ്, പ്രസ്സ് ക്ലബ്ബ്, തിരുനക്കര മൈതാന കവാടം, മുനിസിപ്പൽ ഓഫീസ്, വലിയ പള്ളി, ഡി.ടി.പി.സി. ഓഫീസ്, പബ്ലിക് ലൈബ്രറി, സി.എം.എസ്. കോളേജ്, ജില്ലാ ആശുപത്രി, റെയിൽവേ സ്റ്റേഷൻ, ദർശന സാംസ്കാരിക കേന്ദ്രം, പോലീസ് സ്റ്റേഷൻ, എന്നീ സ്ഥാപനങ്ങളുടെ ചുവരുകളിലാണ് ചുമർ ചിത്രങ്ങൾ വരച്ചത്. |

സെക്ഷൻ ഓഫീസർ